നം.ഡി5/7500/2019/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി:26/02/2019

## സർക്കുലർ നമ്പർ 1

വിഷയം: പൊതു വിദ്യാഭ്യാസം- ജീവനക്കാര്യം - പൊതു വിദ്യാഭ്യാസ വകുപ്പിലെ സർക്കാർ ഹൈസ്കൂൾ പ്രധാനാദ്ധ്യാപകർ/ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികകളിൽ 2019-20 വർഷത്തേക്കുളള പൊതു സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- സർക്കാർ ഉത്തരവ് നമ്പർ 3/2017/ഉ.ഭ.പ.വ. തീയതി.25.02.2017.

പൊതു വിദ്യാഭ്യാസ വകുപ്പിലെ സർക്കാർ ഹൈസ്കൂൾ-പ്രധാനാദ്ധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/സമാന തസ്തികയിൽ ജോലി നോക്കുന്നവർ 2019-20 അദ്ധ്യായന വർഷത്തേക്ക് പൊതു സ്ഥലംമാറ്റത്തിന് ഓൺലൈൻ മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷ സംബന്ധിച്ച വിവരം www.transferandpostings.in എന്ന വെബ്സൈറ്റിൽ ലഭ്യമാക്കുന്നതാണ്.

അപേക്ഷകന് ഒരു അപേക്ഷ മാത്രമേ രജിസ്റ്റർ ചെയ്യുവാൻ അനുവദിക്കുകയുള്ളൂ. അപേക്ഷകർക്ക് ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനായി ഇന്റർനെറ്റ് സൗകര്യമുളള ഏത് കമ്പ്യൂട്ടറും ഉപയോഗിക്കാവുന്നതാണ്.

**ദീർഘമായ അവധിയിൽ നിൽക്കുന്നവർക്കും അന്യത്ര സേവനത്തിൽ തുടരുന്നവർക്കും അപേക്ഷ സമർപ്പിക്കാവുന്നതല്ല.**

ഓൺലൈൻ സ്ഥലംമാറ്റം കൂടുതൽ പ്രായോഗികമാക്കുന്നതിനായി എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിലും പാസ്‌വേഡ് നൽകുന്നതാണ്. സ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിക്കാൻ ആഗ്രഹിക്കുന്നവർക്ക് യൂസർ നാമവും പാസ്‌വേഡും വിദ്യാഭ്യാസ ഉപഡയറക്ടർ നൽകേണ്ടതാണ്. അപേക്ഷകർ പ്രസ്തുത യൂസർ നാമവും പാസ്‌വേഡും ഉപയോഗിച്ച് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

2019-20 അദ്ധ്യായന വർഷത്തിൽ ഉണ്ടാകുന്ന ഒഴിവുകളിൽ ഈ ഒരു അപേക്ഷ മാത്രമേ പരിഗണിക്കുകയുളളൂ. അപേക്ഷകൻ ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷയുടെ ശരിപകർപ്പ് ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ സൂക്ഷിക്കേണ്ടതാണ്. ടീച്ചർ ട്രെയിനിംഗ് സ്ഥാപനത്തിലേക്ക് സ്ഥലംമാറ്റത്തിന് അപേക്ഷിക്കുന്നവരിൽ NCTE നിഷ്ക്കർഷിക്കുന്ന യോഗ്യത ഉണ്ടായിരിക്കുന്നവർക്കായിരിക്കും മുൻഗണന നൽകുന്നത്. ആയത് തെളിയിക്കുന്ന ആധികാരിക രേഖകൾ ബന്ധപ്പെട്ട ഉപഡയറക്ടർ പരിശോധിക്കേണ്ടതാണ്.

വിദ്യാഭ്യാസ ഉപഡയറക്ടറുടെ അധികാര പരിധിയിൽ രജിസ്റ്റർ ചെയ്തിട്ടുളള അപേക്ഷകൾ ഓൺലൈൻ വഴി സൂക്ഷ്മ പരിശോധന നടത്തേണ്ടതാണ്. പരിശോധിക്കപ്പെട്ട അപേക്ഷകൾ പരിഗണനാർഹമായതും പ്രത്യേക പരിഗണനാർഹമായതും പരിഗണനാർഹമല്ലാത്തതുമായ അപേക്ഷകൾ പ്രത്യേകം വേർതിരിച്ച് വിദ്യാഭ്യാസ ഉപഡയറക്ടറുടെ റിമാർക്സ് സഹിതം ഓൺലൈൻ മുഖേന പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

31/03/2019, 30/04/2019, 31/05/2019, 30/06/2019 എന്നീ തീയതികളിൽ ഉണ്ടാകുന്ന എല്ലാ ഒഴിവുകളും നിർദ്ദിഷ്ട ഫോമിൽ വെബ്സൈറ്റിൽ 02/04/2019 തീയതിക്കു

മുമ്പായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. **തമിഴ് മീഡിയം, കന്നട മീഡിയം, ന്യൂനപക്ഷ സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാരുടെ ഒഴിവുകൾ കൂടി ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്.** ഒഴിവുകളുടെ കൃത്യത വിദ്യാഭ്യാസ ഉപഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്. വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്ത ഒഴിവുകളുടെ വിശദാംശത്തിന്റെ പ്രിന്റ് ഔട്ട് അതാത് ഓഫീസിൽ സൂക്ഷിക്കേണ്ടതും ആയതിന്റെ പകർപ്പ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതുമാണ്.

സ്ഥലംമാറ്റത്തിന് അനുകമ്പാർഹമായ സാഹചര്യം/പ്രത്യേക പരിഗണന എന്നിവ ലഭിക്കുന്നതിലേക്ക് സമർപ്പിച്ച അപേക്ഷകളിൽ ആയത് പരിഗണിക്കുന്നതിനുള്ള ആധികാരികമായ രേഖകൾ സൂക്ഷ്മപരിശോധന നടത്തി കൃത്യത ഉറപ്പുവരുത്തേണ്ടതാണ്. നിരസിക്കപ്പെടുന്ന അപേക്ഷയുടെ കാരണം കൂടി വ്യക്തമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച എല്ലാ രേഖകളും അപേക്ഷയോടൊപ്പം വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ സൂക്ഷിക്കേണ്ടതാണ്. 2019-20 അദ്ധ്യായന വർഷത്തെ പൊതു സ്ഥലംമാറ്റം സമയബന്ധിതമായി നടത്തുന്നതിനുള്ള ചാർട്ട് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

| | | |
|---|---|---|
| 1 | വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ ഓരോ ജില്ലയിലേയും ഒഴിവുകളുടെ വ്യക്തമായ കണക്ക് (31/03/2019 മുതൽ 30/06/2019 വരെ ഉണ്ടാകുന്നത്) നിശ്ചിത മാതൃകയിൽ വെബ്സൈറ്റിൽ ഉൾപ്പെടുത്തേണ്ട അവസാന തീയതി. | 02.04.2019 |
| 2 | അപേക്ഷ സ്വീകരിക്കുന്ന തീയതി | 05.04.2019 മുതൽ 23.04.2019 വരെ |
| 3 | വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിൽ അപേക്ഷ പരിശോധിക്കുന്നതിനനുവദിച്ച സമയം (പരിഗണനാർഹമായ അപേക്ഷകളും സ്ഥലംമാറ്റത്തിന് പ്രത്യേക പരിഗണന അർഹിക്കുന്ന അപേക്ഷകളും പരിഗണനാർഹമല്ലാത്ത അപേക്ഷകളും തരംതിരിക്കേണ്ടതാണ്. പരിഗണനാർഹമല്ലാത്ത അപേക്ഷകളുണ്ടെങ്കിൽ വ്യക്തമാക്കേണ്ടതാണ്.) | 25.04.2019 മുതൽ 30.04.2019 വരെ |
| 4 | താൽക്കാലിക സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കൽ | 13.05.2019 |
| 5 | താൽക്കാലിക ഉത്തരവിൽ ആക്ഷേപം സമർപ്പിക്കാനുള്ള സമയം | 14.05.2019 മുതൽ 20.05.2019 വരെ |
| 6 | അന്തിമ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കൽ | 24.05.2019 |

(ഒപ്പ്/-)
ജീവൻ ബാബു. കെ. ഐ.എ.എസ്
**പൊതു വിദ്യാഭ്യാസ ഡയറക്ടർ, കേരള,**
**തിരുവനന്തപുരം.**

**//അംഗീകാരത്തോടെ//**

**സൂപ്രണ്ട്**

**വിദ്യാഭ്യാസ ഉപഡയറക്ടർമാർ.**
**ഉപ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ.**
**ഹൈസ്കൂൾ പ്രധാനാധ്യാപകർ.**
**വൈസ്ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ കൈറ്റ് പൂജപ്പുര.**
**കരുതൽ ഫയൽ/ ഓഫീസ് കോപ്പി.**

നം.ഡി5/7500/2019/ഡി.പി.ഐ. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 26/02/2019.

**സർക്കുലർ നമ്പർ.2**

**വിഷയം:** പൊതു വിദ്യാഭ്യാസം - ജീവനക്കാര്യം - പൊതു വിദ്യാഭ്യാസ വകുപ്പിലെ സർക്കാർ ഹൈസ്കൂൾ പ്രധാനാദ്ധ്യാപകർ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/സമാന തസ്തികകളിലേക്ക് 2019-20 അദ്ധ്യയന വർഷത്തേയ്ക്കുള്ള പൊതു സ്ഥലം മാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച്.

**സൂചന:** 02/2019 തീയതിയിലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഇതേ നമ്പർ സർക്കുലർ.1

പൊതു വിദ്യാഭ്യാസ വകുപ്പിലെ സർക്കാർ ഹൈസ്കൂൾ- പ്രധാനാദ്ധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/സമാന തസ്തികയിൽ ജോലി നോക്കുന്നവരിൽ നിന്നും 2019-20 അദ്ധ്യയന വർഷത്തേക്കുള്ള പൊതു സ്ഥലം മാറ്റത്തിനുള്ള അപേക്ഷ ക്ഷണിക്കുന്നു.

ഓൺലൈൻ മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷ സംബന്ധിച്ച വിവരം www.transferandpostings.in എന്ന വെബ്സൈറ്റിൽ ലഭ്യമാകുന്നതാണ്. അപേക്ഷകന് ഒരു അപേക്ഷ മാത്രമേ രജിസ്റ്റർ ചെയ്യുവാൻ അനുവദിക്കുകയുള്ളൂ. അപേക്ഷകർക്ക് ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനായി ഇന്റർനെറ്റ് സൗകര്യമുള്ള ഏത് കമ്പ്യൂട്ടറും ഉപയോഗിക്കാവുന്നതാണ്.

ദീർഘമായ അവധിയിൽ നിൽക്കുന്നവർക്കും അന്യത്രസേവനത്തിൽ തുടരുന്നവർക്കും അപേക്ഷ സമർപ്പിക്കാവുന്നതല്ല. 05/04/2019 മുതൽ 23/04/2019 വരെ അപേക്ഷ രജിസ്റ്റർ ചെയ്യാവുന്നതാണ്.

സ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിക്കാൻ ആഗ്രഹിക്കുന്ന പ്രഥമ അദ്ധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ അതത് വിദ്യാഭ്യാസ ഉപഡയറക്ടറിൽ നിന്നും നേരിട്ടോ, ടെലഫോൺ മുഖേനയോ മറ്റ് ഉചിതമാർഗ്ഗേ അപേക്ഷ സമർപ്പിക്കുന്നതിനാവശ്യമായ യൂസർ നെയിമും പാസ് വേഡും വാങ്ങേണ്ടതാണ്. ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ അപേക്ഷകർക്ക് യൂസർ നാമവും താത്ക്കാലികമായ ഒരു പാസ്‌വേഡും നൽകുന്നതാണ്. പ്രസ്തുത യൂസർ നാമവും പാസ്‌വേഡും ഉപയോഗിച്ച് **www.transferandpostings.in** എന്ന വെബ്സൈറ്റിൽ നിന്നും ഓൺലൈൻ രജിസ്ട്രേഷനുള്ള അപേക്ഷ ലഭിക്കുന്നതാണ്.

അപേക്ഷ ലഭിച്ചാലുടൻ തന്നെ അപേക്ഷകന് ലഭിച്ച പാസ്‌വേഡ് മാറ്റി ഇഷ്ടമുള്ള പാസ്‌വേഡ് നൽകാവുന്നതാണ്. പാസ്‌വേഡ് രഹസ്യ സ്വഭാവമുള്ളതായിരിക്കണം. ആയതു മറ്റാരാലും ദുരുപയോഗം ചെയ്യപ്പെടാൻ ഇടയാവരുത്. മാത്രമല്ല ഈ പാസ്‌വേഡ് ഉപയോഗിച്ചാണ് പിന്നീട് അപേക്ഷയുടെ വിശദാംശങ്ങൾ പരിശോധിക്കേണ്ടത്. അപേക്ഷയുടെ ആദ്യഭാഗത്ത് അപേക്ഷകന്റെ വ്യക്തിഗത കാര്യങ്ങളാണ് രജിസ്റ്റർ ചെയ്യേണ്ടത്. അതിലെ എല്ലാ ഭാഗങ്ങളും രജിസ്റ്റർ ചെയ്യേണ്ടതാണ്.

സ്ഥലംമാറ്റത്തിനുള്ള മുഖ്യപരിഗണന പ്രസ്തുത തസ്തികയിലെ സേവന കാല ദൈർഘ്യം (സീനിയോറിറ്റി) ആണ്. തുടർന്നുള്ള ഭാഗങ്ങളിൽ സ്ഥലംമാറ്റത്തിന് പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളെ സംബന്ധിച്ച് താഴെ പറയും പ്രകാരം പ്രതിപാദിച്ചിട്ടുണ്ട്.

I. പെൻഷന് 1 വർഷം സർവ്വീസ് ബാക്കിയുള്ളവർക്ക് സ്വന്തം താൽപര്യ പ്രകാരം സ്ഥലംമാറ്റം മുൻഗണനാക്രമത്തിൽ നൽകുന്നതാണ്.

II. താഴെപ്പറയുന്ന കാര്യങ്ങളിൽ അനുകമ്പാർഹമായ കാരണങ്ങളാൽ സ്ഥലംമാറ്റം നൽകുന്നതാണ്.

1) പ്രഥമ അദ്ധ്യാപകൻ/പ്രഥമ അദ്ധ്യാപിക/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/സമാന തസ്തികയിൽപ്പെട്ടവർക്ക് ഗുരുതരമായ രോഗം, (ക്യാൻസർ, ഹൃദ്രോഗം,പക്ഷാഘാതം എന്നിവയും കരൾ,വൃക്ക എന്നിവ ദാനം ചെയ്തവർ അവയവം മാറ്റി വയ്ക്കലിന് വിധേയമായവർ) അപകടംമൂലം സ്ഥിരമായ അവശത സംഭവിക്കുകയും ആയതുമൂലം മറ്റുള്ളവരുടെ സഹായം ആവശ്യമുള്ളവർ.

2) പ്രഥമ അദ്ധ്യാപകർ/പ്രഥമഅദ്ധ്യാപിക/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ /സമാന തസ്തികയിൽപ്പെട്ടവരുടെ ഭാര്യ/ഭർത്താവ്, മക്കൾ, മാതാവിനോ, പിതാവിനോ എന്നിവർക്ക് ഗുരുതരമായ രോഗങ്ങൾ പിടിപ്പെടുകയും പ്രഥമ അദ്ധ്യാപകൻ/പ്രഥമ അദ്ധ്യാപിക/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/സമാന തസ്തികയിൽപ്പെട്ടവരുടെ സാമീപ്യം അനിവാര്യമാകുകയും ചെയ്യുന്ന അവസ്ഥ.

III. സ്ഥലംമാറ്റത്തിന് പ്രത്യേക മുൻഗണന (പ്രഥമ ഗണനീയമോ പരിരക്ഷിക്കപ്പെട്ടവരോ ആയ വിഭാഗങ്ങൾ) അർഹിക്കുന്ന വിഭാഗങ്ങളെ പ്രതിപാദിച്ച് സർക്കാർ കാലാകാലങ്ങളിൽ ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. അത്തരം വിഭാഗത്തിൽ ഉൾപ്പെടുന്ന വളരെ കൂടുതൽ അപേക്ഷകൾ ഒരേ സ്ഥലത്തേയ്ക്ക് മാറ്റം ആവശ്യപ്പെടുന്ന സന്ദർഭത്തിൽ താഴെകൊടുത്തിട്ടുള്ള ക്രമപ്രകാരം പരിഗണിക്കുന്നതാണ്.

1) പട്ടികജാതി/പട്ടികവർഗ്ഗം
2) അന്ധരായ ഉദ്യോഗസ്ഥർ
3) വികലാംഗരായ അദ്ധ്യാപകർ
4) മൂകരും ബധിരരുമായ അദ്ധ്യാപകർ
5) സെറിബ്രൽ പാൾസി ഉൾപ്പെടെയുള്ള ചലനവൈകല്യം, ഭേദപ്പെട്ട കുഷ്ഠം, അസാധാരണമായ പൊക്കകുറവ്, ആസിഡ് ആക്രമണത്തിന് വിധേയമായവർ, പേശീ സംബന്ധമായ അസുഖമുള്ളവർ (Locomotor disability including cerebral palsy, cured leprosy, dwarfism, acid attack victim, muscular dystrophy)
6) മാനസിക പ്രശ്നമുള്ളവർ
7) ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ മാതാപിതാക്കൾ/ബുദ്ധിമാന്ദ്യമുള്ള സഹോദരങ്ങളെ പൂർണ്ണമായും സംരക്ഷിക്കുന്ന അദ്ധ്യാപകർ
8) ഓട്ടിസം/സെറിബ്രൽ പാൾസി ബാധിച്ച കുട്ടികളുടെ മാതാപിതാക്കൾ
9) 50% നു മുകളിൽ വികലാംഗത്വമുള്ള കുട്ടികളുടെ മാതാപിതാക്കൾ
10) ബധിരരും മൂകരുമായ കുട്ടികളുടെ മാതാപിതാക്കൾ

11) യുദ്ധത്തിൽ മരണപ്പെട്ട ആശ്രിതർ (ഭാര്യ/ഭർത്താവ്/ അച്ഛൻ/അമ്മ/ മകൻ/ മകൾ)
12) സ്വാതന്ത്ര്യസമരസേനാനിയെ സംരക്ഷിക്കുന്ന മകൻ/മകൾ
13) വിധവകൾ/വിഭാര്യർ/പുനർവിവാഹം ചെയ്യാത്ത വിവാഹമോചിതർ
14) മിശ്രവിവാഹിതർ
15) നിയമപരമായി കുട്ടികളെ ദത്തെടുത്തിട്ടുള്ള ജീവനക്കാർ
16) അംഗീകൃത സർവ്വീസ് സംഘടനകളുടെ സംസ്ഥാന പ്രസിഡന്റ് അല്ലെങ്കിൽ ജനറൽ സെക്രട്ടറി/ജില്ലാ പ്രസിഡന്റ് അല്ലെങ്കിൽ ജില്ലാ സെക്രട്ടറി
17) സൈനിക സേവനം പൂർത്തിയാക്കിയ ജീവനക്കാർ
18) ജവാന്റെ ബന്ധു (ഭാര്യ/ഭർത്താവ്/അച്ഛൻ/അമ്മ/മകൻ/മകൾ)
19) അർദ്ധ സൈനിക വിഭാഗം, ദേശീയ അന്വേഷണ ഏജൻസി എന്നിവയിൽ ജോലി നോക്കുന്ന ഉദ്യോഗസ്ഥരുടെ ഭാര്യ/ഭർത്താവ്/ അച്ഛൻ/അമ്മ/മകൻ/മകൾ.
20) പ്രവാസി കേരളീയരുടെ ഭർത്താവ്/ഭാര്യ.

IV.

1. സർവ്വീസിൽ നിന്നും പിരിയാൻ ഒരു വർഷം അവശേഷിക്കുന്ന എല്ലാവർക്കും ആദ്യ മുൻഗനണന (നിജപ്പെടുത്താതെ) നൽകുന്നതാണ്.
2. അനുകമ്പാർഹമായ കാരണത്താൽ സ്ഥലംമാറ്റം ലഭിക്കുന്ന വർക്ക് രണ്ടാം മുൻഗണന ലഭിക്കുന്നതാണ്. പ്രസ്തുത സ്ഥലം മാറ്റം അതാത് കാറ്റഗറിയിലേക്ക് നടക്കുന്ന ആകെ സ്ഥലംമാറ്റ ത്തിന്റെ/ സ്ഥലം മാറ്റുന്നതിന് വേണ്ടിയുള്ള ഒഴിവുകളുടെ ആകെ എണ്ണം (ഇതിൽ ഏതാണോ കൂടുതൽ) അതിന്റെ 10% മായ് നിജപ്പെടുത്തുന്നു. അനുകമ്പാർഹമായ കാരണത്താൽ സ്ഥലംമാറ്റത്തിന് അപേക്ഷിക്കുന്നവർ ആയത് തെളിയിക്കുന്നതിന് മെഡിക്കൽ ബോർഡ് നൽകുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ മുൻപാകെ ഹാജരാക്കേണ്ടതാണ്. ആയതിന്റെ പകർപ്പ് വിദ്യാഭ്യാസ ഉപഡയറക്ടർമാർ പ്രൊവിഷണൽ ട്രാൻസ്ഫർ ലിസ്റ്റ് തയ്യാറാക്കുന്നതിന് മുൻപായി ഈ ഓഫീസിൽ സമർപ്പിക്കേ ണ്ടതാണ്.
3. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളിൽ ഉൾപ്പെട്ടവർക്ക് മൂന്നു മുതൽ മുൻഗണന ലഭിക്കുന്നതാണ്. പ്രസ്തുത സ്ഥലംമാറ്റം അതാത് കാറ്റഗറികളിലെ സ്ഥലംമാറ്റത്തിന്റെ/ സ്ഥലംമാറ്റത്തിന് വേണ്ടിയുള്ള ഒഴിവുകളുടെ (അതിൽ ഏതാണ് കൂടുതൽ) 20% നുള്ളിൽ നിജപ്പെടുത്തുന്നതാണ്. പ്രസ്തുത പരിഗണന വിഭാഗത്തിൽ അപേക്ഷിക്കുന്നവർ ആയത് തെളിയിക്കുന്നതിനുള്ള രേഖകൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപ ഡയറക്ടർ മുൻപാകെ ഹാജരാക്കേണ്ടതാണ്.
4. **സംസ്ഥാനത്ത് ഭാഷാന്യൂനപക്ഷ സംരക്ഷണത്തിന്റെ ഭാഗമായി ഭാഷ ന്യൂനപക്ഷ (തമിഴ്/കന്നട) ത്തിനായി സംവരണം ചെയ്തിട്ടുള്ള ഒഴിവുള്ള എച്ച്.എം/എ.ഇ.ഒ സമാന തസ്തികയിൽ പൊതുസ്ഥലം മാറ്റത്തിന് അതാത് ഭാഷയിൽ (1മുതൽ 10 ക്ലാസ്സ്**

വരെയുള്ള പഠനം അതാത് ഭാഷയിൽ) പരിജ്ഞാനമുള്ള ജനറൽ വിഭാഗത്തിൽപ്പെട്ട എച്ച്.എം/എ.ഇ.ഒ സമാന തസ്തികയിൽപ്പെട്ട വർക്ക് അപേക്ഷിക്കാവുന്നതാണ്.

5. ടീച്ചർ ട്രെയിനിംഗ് സ്ഥാപനത്തിലേക്ക് സ്ഥലംമാറ്റത്തിന് അപേക്ഷി ക്കുന്നവർക്ക് NCTE മാനദണ്ഡ പ്രകാരമുള്ള യോഗ്യത ഉള്ളവർക്ക് മുൻഗണന ലഭിക്കുന്നതാണ്.

<u>യോഗ്യത</u>:- എം.എഡ് അല്ലെങ്കിൽ ഏതെങ്കിലും വിഷയത്തിലുള്ള ബിരുദാനന്തര ബിരുദവും ബി.എഡും 55% മാർക്കോടുകൂടിയുള്ള വിജയം. എം.എഡ്. യോഗ്യതയുള്ളവർക്ക് മാർക്ക് നിബന്ധന നിഷ്കർഷിക്കുന്നില്ല. കൂടാതെ എലിമെന്ററി ടീച്ചർ എഡ്യൂക്കേഷൻ ഇൻസ്റ്റിട്യൂഷനിലുള്ള അഞ്ചുവർഷത്തെ എക്സ്പീരിയൻസ്. മേൽപ്പറഞ്ഞ യോഗ്യതകളുടെ അഭാവത്തിൽ മറ്റു അപേക്ഷ കളും പരിഗണിക്കുന്നതാണ്.

V. അപേക്ഷയുടെ അവസാന ഭാഗങ്ങളിൽ സ്ഥലംമാറ്റം ലഭിക്കേണ്ട സ്ഥാപന ത്തിലെ വിവരങ്ങളാണ് നൽകേണ്ടത്. സ്ഥലംമാറ്റം ആഗ്രഹിക്കുന്ന പരമാവധി 20 സ്ഥാപനങ്ങളുടെ പേര് മുൻഗണനാ ക്രമത്തിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. 21-ാമത്തേത് ഒരു വിദ്യാഭ്യാസ ജില്ല തെരഞ്ഞെടുക്കാ വുന്നതാണ്. 31/03/2019, 30/04/2019, 31/05/2019, 30/06/2019 എന്നീ തീയ തികളിൽ ഉണ്ടാകുന്ന ഒഴിവുകളെ സംബന്ധിച്ച വിവരം വെബ്സൈറ്റിൽ തന്നെ ലഭ്യമാണ്. ഒരു സ്ഥാപനത്തിലെ സ്ഥലംമാറ്റം മൂലം ഉണ്ടാകുന്ന ഒഴിവുകളിലേക്കും പിന്നീട് ഉണ്ടാകാൻ സാധ്യതയുള്ള ഒഴിവുകളിലേക്കും (ഡി.ഇ.ഒ, ഹയർസെക്കൻഡറി പ്രിൻസിപ്പൽ, തസ്തികയിലേക്കുള്ള സ്ഥാന ക്കയറ്റം) അപേക്ഷിക്കാവുന്നതാണ്. 2019-20 അദ്ധ്യയന വർഷത്തിൽ ഉണ്ടാകാവുന്ന എല്ലാ ഒഴിവുകളിലും ഓൺലൈൻ മുഖേന ഒരു അപേക്ഷ മാത്രമേ പരിഗണിക്കുക യുള്ളൂ. ആയതിനാൽ സമർപ്പിക്കുന്ന അപേക്ഷയിൽ പിശകുകളില്ലെന്ന് അപേക്ഷകൻ ഉറപ്പുവരുത്തേണ്ടതാണ്.

VI. നൽകിയ വിവരങ്ങൾ പൂർണ്ണമായും പരിശോധിച്ച് ശരിയാണെന്ന് ഉറപ്പ് വരുത്തിയ ശേഷം മാത്രമേ അപേക്ഷ സമർപ്പിക്കാവൂ. അപേക്ഷ സമർപ്പിക്കുന്നതിന് അനുവദിച്ചിട്ടുള്ള കാലയളവിൽ അപേക്ഷകന് തന്റെ അപേക്ഷയിന്മേൽ ആവശ്യമെങ്കിൽ മാറ്റം വരുത്താവുന്നതാണ്. സമയ പരിധി കഴിഞ്ഞ് വരുന്ന അപേക്ഷകൾ യാതൊരു കാരണവശാലും സ്വീക രിക്കേണ്ടതില്ല.

VII. പ്രിന്റ് ഔട്ട് എടുത്തശേഷം അപേക്ഷകൻ നിർബന്ധമായും Log Out ചെയ്തിരിക്കണം. അപേക്ഷ പൂരിപ്പിച്ച സമയത്ത് ലഭിച്ച Application ID യും അപേക്ഷകൻ നൽകിയ പാസ്‌വേഡും സൂക്ഷിച്ച് വയ്ക്കേണ്ടതാണ്. വീണ്ടും പ്രിന്റ് എടുക്കുന്നതിനും തുടർന്നുവരുന്ന ട്രാൻസ്ഫറിന്റെ വിവരങ്ങൾ അറിയുന്നതിനും Application ID യും പാസ്‌വേഡും അത്യന്താ പേക്ഷിതമാണ്.

VIII. അപേക്ഷകൻ ഓൺലൈൻ ആയി സമർപ്പിക്കുന്ന അപേക്ഷയുടെ പ്രിന്റ് ഔട്ട് ഒപ്പിട്ടതിനുശേഷം ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകേണ്ടതാണ്. സ്ഥലംമാറ്റത്തിന് അനുകമ്പാർഹമായ സാഹചര്യം/ പ്രത്യേക പരിഗണന എന്നിവ ലഭിക്കേണ്ട വിഭാഗക്കാർ ആയത് ലഭിക്കുന്നതിനുള്ള ആധികാരിക രേഖയുടെ പകർപ്പും അപേക്ഷയോടൊപ്പം ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകേണ്ടതാണ്. അത്തരം ആധികാരിക രേഖകൾ ഹാജരാക്കാത്ത അപേക്ഷകൾ പ്രത്യേക പരിഗണന ലഭിക്കുന്ന വിഭാഗത്തിൽ പരിഗണിക്കുന്നതല്ല.

IX. **ടി സർക്കുലറിലെ വ്യവസ്ഥകളിൽ ആവശ്യ ഘട്ടങ്ങളിൽ മാറ്റം വരുത്തുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.**

X. അപേക്ഷയുടെ പ്രിന്റ് ഔട്ട് - ന്റെ ശരിപകർപ്പും ആധികാരിക രേഖകളും 25/04/2019 തീയതിക്കകം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകേണ്ടതാണ്. **ഓൺലൈനിലൂടെ അല്ലാത്ത ഒരു അപേക്ഷയും പരിഗണിക്കുന്നതല്ല. പ്രസ്തുത തീയതിക്ക് മുൻപും പിൻപുമായിട്ട് ലഭിച്ചിട്ടുള്ള അപേക്ഷയും ജനറൽ ട്രാൻസ്ഫറിന് പരിഗണിക്കുന്നതല്ല.** സ്ഥലംമാറ്റ അപേക്ഷ പ്രകാരം സ്ഥലംമാറ്റം ലഭിച്ചാൽ അത് റദ്ദാക്കാൻ അവകാശം ഉണ്ടായിരിക്കുന്നതല്ല. എന്നാൽ സ്ഥലംമാറ്റം ലഭിച്ച സ്ഥലത്ത് ഏതെങ്കിലും കാരണവശാൽ തസ്തിക ഒഴിവ് ഇല്ലാത്ത സാഹചര്യം ഉണ്ടായാൽ പ്രസ്തുത സ്ഥലംമാറ്റം റദ്ദു ചെയ്യാനുള്ള അധികാരം വിദ്യാഭ്യാസ ഡയറക്ടർക്ക് ഉണ്ടായിരിക്കുന്നതാണ്. ഇതു സംബന്ധിച്ച കൂടുതൽ വിവരം ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ 0471 2580512 എന്ന ഫോൺ നമ്പരിൽ നിന്നും ലഭ്യമാണ്.

(ഒപ്പ്/-)
ജീവൻ ബാബു. കെ. ഐ.എ.എസ്
**പൊതു വിദ്യാഭ്യാസ ഡയറക്ടർ, കേരള,**
**തിരുവനന്തപുരം.**

**//അംഗീകാരത്തോടെ//**

**സൂപ്രണ്ട്**

വിദ്യാഭ്യാസ ഉപഡയറക്ടർമാർ.
**ഉപ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ.**
**ഹൈസ്കൂൾ പ്രഥാനാധ്യാപകർ.**
**വൈസ്ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ കൈറ്റ് പൂജപ്പുര.**
**കരുതൽ ഫയൽ/ ഓഫീസ് കോപ്പി.**